മുഖ്യത്യാസംകൊണ്ട് തിരുവിതാംകൂറിലേതു് ഇ നാഴിയെന്നും കൊച്ചിയിലേതു് അഞ്ചിൽ ചിലപാനം നാഴിയെന്നുമുള്ള ഒരു വ്യത്യാസം ഉണ്ടാകും.

റേഷൻ സംബന്ധമായ പരാതികൾ

*൩൩൨. (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടിനല്കുമോ.—

(എ) ൧൯൫൫ ചിങ്ങം, കന്നി എന്നീ മാസങ്ങളിൽ റേഷൻ കുറഞ്ഞതിനെപ്പറ്റിയും, ലഭിക്കാതിരുന്നതിനെപ്പറ്റിയും, തൃശ്ശൂർ ഡിസ്ട്രിക്ടിൽ എവിടെനിന്നെല്ലാം പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) കൊല്ലം, കോട്ടയം ഡിസ്ട്രിക്ടുകളിൽ ഈ രണ്ടു മാസങ്ങളിലായി എവിടെ നിന്നെല്ലാം റേഷൻ കുറഞ്ഞതിനെപ്പറ്റിയും, ലഭിക്കാതിരുന്നതിനെപ്പറ്റിയും, ആകെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൯൫൫ ചിങ്ങം കന്നിമാസങ്ങളിൽ കൊച്ചി ഡിസ്ട്രിക്ടിൽ വടുതല, പട്ടംചേരി, മാള, വിത്തനശ്ശേരി, കൊടുങ്ങല്ലൂർ, എറണാകുളം, കൊച്ചി, എന്നീ പ്രദേശങ്ങളിൽനിന്നും റേഷൻകുറഞ്ഞതിനെപ്പറ്റി പരാതികൾ ലഭിച്ചിട്ടുണ്ട്. റേഷൻ ലഭിക്കാതിരുന്നതിനെപ്പറ്റി പരാതികൾ ലഭിച്ചിട്ടില്ല.

(ബി) കൊല്ലം ഡിസ്ട്രിക്ടിൽ കരുനാഗപ്പള്ളി, മാവേലിക്കര, അമ്പലപ്പുഴ, ചേർത്തല, തിരുവല്ല, എന്നിപ്രദേശങ്ങളിൽനിന്നും കോട്ടയം ഡിസ്ട്രിക്ടിൽ ചങ്ങനാശ്ശേരി, വൈക്കം, മീനച്ചിൽ, പീരുമേട് എന്നീ പ്രദേശങ്ങളിൽനിന്നും റേഷൻ കുറഞ്ഞതിനെപ്പറ്റി പരാതികൾ ലഭിച്ചിട്ടുണ്ട്. റേഷൻ ലഭിക്കാതിരുന്നതിനെപ്പറ്റി പരാതികൾ ലഭിച്ചിട്ടില്ല. പരാതികൾ മിക്കവാറും ഫ്രസ്ട്രേറ്റിപ്പോട്ടുകളാകയാൽ അവയുടെ ക്ലിപ്തമായ എണ്ണം കണക്കാക്കിയിട്ടില്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള: പരാതികൾ ലഭിച്ചതിനുശേഷം അതുപരിഹരിക്കാൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവൺമെന്റിൽനിന്നും സത്വരനടപടികൾ എടുത്തു പരാതികൾക്കു പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: എതുവിധത്തിലാണ് പരിഹാരം ഉണ്ടാക്കിയിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നെല്ലും അരിയും കൊടുക്കുന്നതു പോരാ എന്നായിരുന്ന പരാതികൾ. അതു ശരിക്കു കൊടുത്തു പരാതിക്കു് പരിഹാരം ഉണ്ടാക്കി.

ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിനുള്ള വിഷമതകൾ

*൩൩൩. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൫ ചിങ്ങമാസത്തിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിനുള്ള വിഷമതകളെപ്പറ്റി എന്തു് അറിവു ലഭിച്ചു;

(ബി) ആ വിഷമതകൾ പരിഹരിക്കുന്നതിനു് ഗവൺമെന്റു് എന്തു നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കുടകം പകുതിയോടുകൂടി.

(ബി) ആവശ്യത്തിനുവേണ്ട ഭക്ഷ്യധാന്യങ്ങൾ ഉടനടി അയച്ചുതരുന്നതിന് അടിയന്തിര നടപടിമാർഗ്ഗം ഇൻഡ്യാഗവൺമെന്റിനോട് ആവശ്യപ്പെടുകയും ഭക്ഷ്യവകുപ്പുമന്ത്രി ഇവിടത്തെ സ്ഥിതിഗതികൾ വിശദമായി ഇൻഡ്യാഗവൺമെന്റ് അധികൃതരെ നേരിട്ട് അറിയിക്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തെ നെല്ലുല്പാദനം കൂടുതൽ ഉർജിതപ്പെടുത്തി കിട്ടാവുന്നിടത്തോളം നെല്ല് മുഴുവൻ എടുത്തും പല കൃഷിക്കാരിൽനിന്നും ജന്മിമാരിൽനിന്നും നെല്ല് കടമായി എടുത്തും വിതരണംചെയ്യുകയുണ്ടായി. നെല്ലോ, അരിയോ വളരെ കുറവായസ്ഥലങ്ങളിൽ കുറവു പരിഹരിക്കുന്നതിന് ഗോതമ്പുകൊടുക്കാൻ വേണ്ട കരുതലുകളും ചെയ്തിരുന്നു.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഇവിടത്തെ സ്ഥിതിഗതികൾ ക്ഷേമമന്ത്രിനേരിട്ടറിയിച്ചതു എത്രതീയതിയിലാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആഗസ്റ്റുമാസത്തിൽ പല തീയതികളിലായിട്ടാണ്.

ശ്രീ. കെ. രാമകൃഷ്ണപിള്ള. മന്ത്രി നേരിട്ടറിയിച്ച തീയതി ഏതാണെന്നാണ് ഞാൻ ചോദിക്കുന്നതു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ അതുതന്നെയാണ് ഞാൻ പറഞ്ഞതും. ആഗസ്റ്റുമാസത്തിൽ ഒരു കാൺഫറൻസിൽ പങ്കെടുക്കുന്നതിന്നായി ഡൽഹിയിൽ ഉണ്ടായിരുന്നപ്പോഴാണ് പല തീയതികളിലായി ആ വിവരങ്ങളും നേരിട്ട അറിയിച്ചിട്ടുള്ളതു.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ആസമയത്തു ഗവൺമെന്റിന്റെ പക്കൽ എത്ര മാത്രം സ്റ്റാക്കുണ്ടായിരുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ സമയത്തു സ്റ്റാക്ക് കുറച്ചുമോശമായിരുന്നു. അതിന്റെ കണക്കും ഇൻഡ്യാഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടായിരുന്നു.

ശ്രീ. കെ. രാമകൃഷ്ണപിള്ള: റേഷൻ കുറച്ചു വിതരണംചെയ്യുന്നു നേരിട്ടറിയിച്ചതിനു ശേഷമായിരുന്നോ, അതോ മുമ്പായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനുമുമ്പായിരുന്നു.

ശ്രീ. കെ. എ. മാത്യു: പൂർണ്ണറേഷൻ കൊടുക്കുന്നതിന് എത്രകാലം വേണ്ടിവരും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുറച്ചു ദിവസങ്ങൾക്കുള്ളിൽതന്നെ പൂർണ്ണറേഷൻ കൊടുക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. സി. വി. ഇയ്യു: കൊച്ചിയിലേക്ക് നീക്കിവച്ചിരുന്ന അരിയോ നെല്ലോ തിരുവിതാംകൂറിലെ ആവശ്യത്തിലേക്കായി കൊണ്ടുവന്നിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊച്ചിയിലേക്ക് പ്രത്യേകമായി അരിയേ നെല്ലോ നീക്കിവെച്ചിട്ടില്ല. തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിനു മൊത്തമായിട്ടാണ് അരിയും നെല്ലും അനുവദിക്കുന്നതു.

ശ്രീ. സി. വി. ഇയ്യു: കൊച്ചിയിലെ കൃഷിക്കാരിൽനിന്നും കടമെടുത്ത നെല്ല് തിരിച്ചുകൊടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എത്ര കൃഷിക്കാരിൽനിന്നാണെന്ന പറഞ്ഞാൽ മറുപടി പറയാം.

ശ്രീ. സി. വി. ഇയ്യു: കോഠം കൃഷിക്കാരിൽനിന്നും കടമെടുത്ത നെല്ല് തിരിച്ചുകൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസില്ലാതെ അതിനു് ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള: നെല്ല് കടമെടുക്കണമെന്നു് ഗവൺമെൻറു തീരുമാനിച്ചതു് എപ്പോഴാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അടിയന്തിരഘട്ടം വന്നപ്പോഴാണു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: അടിയന്തിരഘട്ടം വന്നിട്ടു് എത്ര ദിവസങ്ങൾ കഴിഞ്ഞശേഷമാണു് ഗവൺമെൻറു് അങ്ങിനെ തീരുമാനിച്ചതെന്നു് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എത്രദിവസങ്ങൾ കഴിഞ്ഞിട്ടാണെന്നു് കൃത്യമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. അമ്പാട്ട ഈച്ചരമേനോൻ: കൃഷിക്കാരിൽനിന്നും മിച്ചമുള്ള നെല്ലവൻ ഗവൺമെൻറിനു കിട്ടേണ്ടതാണല്ലോ? അപ്പോൾപിന്നെ കടം എടുത്തതു് എന്തിനാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൃഷിക്കാക്കു് വിട്ടാവശ്യത്തിനും കൃഷിച്ചിലവിനും വേണ്ടി പ്രൊവർമെൻറു് ഇപ്പോൾ ആലോചിച്ചു് അനുവദിക്കുന്ന നെല്ല് ചിലപ്പോൾ മുന്നോ നാലോമാസത്തേക്കുള്ളതു് കൈവശമുണ്ടായിരിക്കും. അതിൽനിന്നും അത്യാവശ്യംവരുമ്പോൾ കടംവാങ്ങാൻ സാധിക്കും.

GROW MORE FOOD CAMPAIGN

* 664. [4] **Sri. N. D. Jose:** Will the Hon'ble Minister for Agriculture be pleased to state:

(*a*) the number of fresh acreage of land brought under cultivation through efforts of the Grow More Food Department; and

(*b*) the amount of increase in food production in the State?

Minister for Public Works, Communications and Agriculture. **(Sri. E. John Philipose):** (*a*) 32,800 acres, fresh acreage of Land, have been brought under cultivation.

(*b*) It is not possible to give any specific figure.

AGRICULTURAL LABOURERS

* 665. [5] **Sri. D. Gnanasigamoni:** Will the Hon'ble Minister for Labour be pleased to state:—

(*a*) whether any enquiry was conducted here into the condition of agricultural labourers in collaboration with an all India inquiry into the condition of agricultural labourers;

(*b*) if so, whether it has concluded; and

(*c*) whether a report on it has been submitted and if so, when?

Minister for Education, Labour & Civil Supplies **(Sri. Panampilli Govinda Menon):** (*a*) Yes.

(*b*) No.

(*c*) No report has been submitted.

LIBRARY ARCHIVES Kerala Legislative Assembly